ഉത്തരം

(എ) ഫലം കണ്ടു തുടങ്ങുന്നതേയുള്ളൂ. ഓപ്പറേഷൻ തണ്ടർ ബോൾട്ട്, ബസ് ക്രൂ ഗാരേജ് സിസ്റ്റം എന്നിങ്ങനെയുള്ള രണ്ടു പദ്ധതികളാണ് കെ.എസ്.ആർ.ടി.സി.-യിൽ ഇപ്പോൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നത്.

(ബി) ദേശസാൽക്കൃത മേഖലയിലെയും വരുമാനം കൂടുതൽ ലഭിക്കുന്നതും തിരക്കേറിയതുമായ മേഖലകളിലെയും സർവ്വീസുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ബസ്സുകളുടേയും ജീവനക്കാരുടേയും അപര്യാപ്തമൂലം വരുമാനം കുറഞ്ഞതും ദേശസാൽകൃതമേഖലകളിൽ കൂടിയല്ലാത്തതുമായ സർവ്വീസുകളാണ് ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാത്തത്. ബസുകളുടേയും ജീവനക്കാരുടേയും ലഭ്യത മെച്ചപ്പെടുന്നതോടെ എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുവാൻ നടപടിയെടുക്കുന്നതാണ്.

(സി) കളക്ഷൻ ഉള്ള റൂട്ടുകളിലെയും ദേശസാൽകൃതമേഖലയിലേയും സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുവാൻ കർശന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്.

(ഡി) ദേശസാൽകൃത മേഖലയിലേയും വരുമാനം കൂടുതൽ ലഭിക്കുന്നതും ജനത്തിരക്കേറിയതുമായ റൂട്ടുകളിലെ സർവ്വീസുകൾ ഓടിക്കുന്നതിനായി ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ വരുമാനം കുറവായ റൂട്ടുകളിലെ സർവ്വീസുകൾക്ക് അനുവദിച്ചിട്ടുള്ള ബസുകൾ ഉപയോഗിക്കാറുണ്ട്. തന്മൂലം യാത്രക്കാർക്കുണ്ടാകുന്ന ക്ലേശം പരമാവധി കുറയ്ക്കുന്നതിനും നടപടികളെടുക്കാറുണ്ട്.

(ഇ) സ്വകാര്യ ബസ് ജീവനക്കാരെക്കാൾ എന്തുകൊണ്ടും മെച്ചമായ പ്രകടനമാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാർ കാഴ്ചവയ്ക്കുന്നത്. ഇതിലേയ്ക്ക് പ്രത്യേക പരിശീലന പരിപാടികൾ തന്നെ കെ.എസ്.ആർ.ടി.സി. ഒരുക്കിയിട്ടുണ്ട്.

(എഫ്) കെ.എസ്.ആർ.ടി.സി. 2:1 എന്ന അനുപാതത്തിൽ ലൈലാൻഡ് ബസ് ചാസിസുകളും ടാറ്റ ബസ് ചാസിസുകളുമാണ് ഇപ്പോൾ വാങ്ങുന്നത്. ഈ അനുപാതത്തിൽ പ്രതിമാസം 45 ചാസിസുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഇതു കൂടാതെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി കൂടുതൽ ബസുകൾ നിരത്തിലിറക്കുവാനും നടപടിയായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

83 (1138) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം നവംബർ 30 വരെ കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകളാണ് വാങ്ങിയിട്ടുള്ളത് ;

(ബി) കിളിമാനൂർ ഡിപ്പോയിലേയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വർഷം നവംബർ 30 വരെ 219 ചാസിസുകൾ വാങ്ങിയിട്ടുണ്ട്.

(ബി) ലഭ്യതയനുസരിച്ച് പുതിയ ബസ്സുകൾ അനുവദിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതി

84 (1139) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. സി. ജോർജ് :
ഡോ: കെ. സി. ജോസഫ് :
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത് പുതിയ ബസുകൾ വാങ്ങുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി ഏതു ഘട്ടത്തിലാണ് ;

(സി) കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സബ് സ്റ്റേഷനുകളിൽ വ്യാപാര സമുച്ചയങ്ങൾ പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇപ്പോൾ ജീവനക്കാർക്ക് നൽകി വരുന്ന കളക്ഷൻ ബാറ്റ പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ഇ) കെ.എസ്.ആർ.ടി.സി. പുതുതായി ആവിഷ്ക്കരിച്ചിരിക്കുന്ന ഓപ്പറേഷൻ തണ്ടർ ബോൾട്ട് , ബസ്-ക്രൂ-ഗാരേജ് പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ ലഭിച്ചു കഴിഞ്ഞു. കണ്ണൂർ, തൃശ്ശൂർ, കാസർഗോഡ്, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലാ സഹകരണ ബാങ്കുകൾ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് അനുവദിച്ച രീതിയിൽ വായ്പ അനുവദിക്കുവാൻ സന്നദ്ധത സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സൗകര്യമുള്ള ബസ് സ്റ്റേഷനുകളിൽ ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കാസർഗോഡ്, പേരൂർക്കട, അങ്കമാലി എന്നീ യൂണിറ്റുകളിൽ ഇതിനാവശ്യമായ പ്രാരംഭ നടപടികൾ പ്രകടിപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly